ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10-06-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയെന്ന ചരിത്ര നേട്ടം സ്വന്തമാക്കി നരേന്ദ്ര മോദി. അഭിനന്ദനവുമായി ലോക നേതാക്കൾ.

   **Prime Minister Narendra Modi has become the longest-serving elected Prime Minister of India today. World leaders have congratulated PM Narendra Modi.**

2. എൻ ഡി എയുടെ ഉന്നതതല യോഗം ഇന്ന് ന്യൂഡൽഹിയിൽ. കേന്ദ്ര സർക്കാരിന്റെ 12-ാം വാർഷികവും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചരിത്ര നേട്ടവും ആഘോഷിക്കും.

   **A meeting of the NDA will be held in New Delhi today to celebrate its government completing 12 years and PM Narendra Modi becoming the longest continuously serving elected Prime Minister of India.**

3. പാക് അധിനിവേശ കശ്മീരിൽ പാകിസ്ഥാൻ പോലീസ് നടത്തിയ അതിക്രമങ്ങളെ അപലപിച്ച് ഇന്ത്യ. ഏറ്റുമുട്ടലിൽ മരണസംഖ്യ 30 ആയി.

   **India expresses grave concern over killing of 30 civilians in deadly crack-down on protesters in Pakistan Occupied Jammu and Kashmir. Over 30 people have been killed in clashes.**

4. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ രണ്ടു ദിവസത്തെ ബൾഗേറിയ, ഫിൻലാൻഡ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

**External Affairs Minister Dr S Jaishankar will be on a two-day official visit to Bulgaria and Finland, starting today.**

5. ഇന്ധന വിലവർധനയിൽ നിന്ന് ഉപഭോക്താക്കളെ സഹായിക്കുന്നതിന് എണ്ണ കമ്പനികൾക്ക് 1.23 ലക്ഷം കോടി രൂപയുടെ സഹായം നൽകിയതായി കേന്ദ്ര സർക്കാർ.

**Government gives financial support of 1.23 lakh crore rupees to Oil Marketing companies to ease burden of rising crude oil prices.**

6. കേരളത്തിൽ മഴ തുടരും. മലപ്പുറം മുതൽ കാസർഗോഡ് വരെ ഇന്ന് മഞ്ഞ ജാഗ്രത. ട്രോളിങ്ങ് നിരോധനം നിലവിൽ വന്നു.

**Rain is expected to continue in Keralam. A yellow alert has been issued today for districts from Malappuram to Kasaragod. The trawling ban has come into effect.**

**************************************************

## PM MODI- LONGEST SERVING PM (INTRO)

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രിയെന്ന ചരിത്ര റെക്കോർഡ് ഇനി നരേന്ദ്ര മോദിക്ക് സ്വന്തം. പ്രധാനമന്ത്രിക്കസേരയിൽ തുടർച്ചയായി 4,399 ദിവസം പൂർത്തിയാക്കിയ അദ്ദേഹം പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ റെക്കോർഡാണ് ഇന്ന് മറികടന്നത്.

**ഒരു റിപ്പോർട്ട്...**

## PM MODI- LONGEST SERVING PM (VO)

ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിൽ സുവർണ്ണ അധ്യായം എഴുതിച്ചേർത്താണ് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ

നയിക്കുന്നത്. 2014 മേയ് 26-നാണ് അദ്ദേഹം ആദ്യമായി രാജ്യത്തിന്റെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. 1952 മേയ് 13-ന് ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യ സർക്കാരിന്റെ പ്രധാനമന്ത്രിയായി ചുമതലയേറ്റ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, 1964 മേയ് 27 വരെ 4,398 ദിവസമാണ് അധികാരത്തിലുണ്ടായിരുന്നത്. 1947 മുതൽ നെഹ്റു അധികാരത്തിലുണ്ടായിരുന്നെങ്കിലും, അതിന്റെ ആദ്യഭാഗം ഇടക്കാല ഭരണകൂടത്തിന്റേതായിരുന്നു. എന്നാൽ 2014, 2019, 2024 പൊതുതിരഞ്ഞെടുപ്പുകളിലെ തുടർച്ചയായ ജനവിധികളിലൂടെയാണ് ശ്രീ നരേന്ദ്ര മോദി അപൂർവ റെക്കോഡിലേക്ക് എത്തിയത്. 140 കോടിയിലധികം ജനസംഖ്യയുള്ള, വൈവിധ്യങ്ങൾ നിറഞ്ഞ രാജ്യത്ത് തുടർച്ചയായ മൂന്ന് പൊതുതിരഞ്ഞെടുപ്പുകളിലൂടെ ജനങ്ങൾ അർപ്പിച്ച അചഞ്ചലമായ വിശ്വാസത്തിന്റെ ഫലമാണ് ഈ നേട്ടം. സാധാരണ പശ്ചാത്തലത്തിൽനിന്ന് രാജ്യത്തിന്റെ ഭരണനേതൃത്വത്തിലേക്ക് ഉയർന്നുവന്ന പ്രധാനമന്ത്രിയുടെ ജീവിതം ഇന്ത്യൻ ജനാധിപത്യത്തിന്റെ കരുത്താണ് വ്യക്തമാക്കുന്നത്. ഇൗ ഭരണകാലയളവിൽ 25 കോടിയോളം ജനങ്ങളാണ് ദാരിദ്ര്യത്തിൽനിന്ന് മുക്തരായത്. ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, വൻകിട നിർമ്മാണ പദ്ധതികൾ, ജനക്ഷേമ പദ്ധതികളുടെ കാര്യക്ഷമത എന്നിവയിൽ രാജ്യം വിപ്ലവകരമായ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. ആഗോളതലത്തിൽ ഏറ്റവും ജനപ്രീതിയുള്ള ജനാധിപത്യ നേതാവായി അന്താരാഷ്ട്ര സർവേകൾ നിരന്തരം തെരഞ്ഞെടുക്കുന്ന നരേന്ദ്ര മോദിയെ മുപ്പതിലധികം രാജ്യങ്ങളാണ് പരമോന്നത സിവിലിയൻ ബഹുമതി നൽകി ആദരിച്ചിട്ടുണ്ട്. പ്രമുഖ ആഗോള ശക്തികളുമായുള്ള വ്യാപാര കരാറുകൾ, കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള പ്രതിരോധം, 'ഗ്ലോബൽ സൗത്ത്' രാജ്യങ്ങളുടെ ശബ്ദമായി മാറാനുള്ള ഇന്ത്യയുടെ നയതന്ത്ര മുന്നേറ്റം എന്നിവ നരേന്ദ്ര മോദി ഭരണത്തിന്റെ പ്രധാന നാഴികക്കല്ലുകളാണ്. **ന്യൂസ് ഡെസ്ക്, ആകാശവാണി.**

*******************************************************

## WORLD LEADERS-LONGEST PM

ചരിത്ര റെക്കോർഡ് സ്വന്തമാക്കിയ ശ്രീ.നരേന്ദ്ര മോദിയെ അഭിനന്ദിച്ച് ലോകനേതാക്കൾ. ഈ നാഴികക്കല്ല് ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ ജനങ്ങളുടെ അചഞ്ചലമായ വിശ്വാസത്തെയാണ് പ്രകടമാക്കുന്നതെന്ന് ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകെ അഭിനന്ദന കത്തിൽ വ്യക്തമാക്കി. പാപുവ ന്യൂ ഗിനിയ പ്രധാനമന്ത്രി ജെയിംസ് മരാപ്പെ അയച്ച വീഡിയോ സന്ദേശത്തിൽ, ശ്രീ നരേന്ദ്ര മോദിയെ ലോകനേതാക്കൾക്ക് മാതൃകയായ വ്യക്തിത്വമെന്ന് വിശേഷിപ്പിച്ചു. അന്താരാഷ്ട്ര തലത്തിൽ ഇന്ത്യ നിർണ്ണായക ശബ്ദമായി മാറിയെന്ന് ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രധാനമന്ത്രി കമല പ്രസാദ് ബിസേസർ പറഞ്ഞു.

*****************************************************************

## NDA - MEETING

ദേശീയ ജനാധിപത്യ സഖ്യത്തിന്റെ ഉന്നതതല യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. എൻഡിഎ സർക്കാരിന്റെ 12 വർഷത്തെ ഭരണ പൂർത്തീകരണവും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചരിത്ര നേട്ടവും ആഘോഷിക്കുന്നതിനാണ് യോഗം. പ്രധാനമന്ത്രിക്കൊപ്പം ബിജെപിയുടെയും സഖ്യകക്ഷികളുടെയും ദേശീയ നേതാക്കളും, 22 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും എൻഡിഎ മുഖ്യമന്ത്രിമാരും ഉപമുഖ്യമന്ത്രിമാരും പങ്കെടുക്കും. 2047-ഓടെ വികസിത ഭാരതം കെട്ടിപ്പടുക്കാനുള്ള ലക്ഷ്യത്തിലേക്കുള്ള പദ്ധതികൾ യോഗം അവലോകനം ചെയ്യും.

*****************************************************************

## GOVT-12 YRS YOUTH POWER

കഴിഞ്ഞ 12 വർഷമായി രാജ്യത്തിന്റെ യുവശക്തിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് കേന്ദ്ര സർക്കാർ. വികസിത ഇന്ത്യയെ കെട്ടിപ്പടുക്കുന്നതിലും രാജ്യത്തിന്റെ ഭാവി വിവിധ മേഖലകളിൽ

രൂപപ്പെടുത്തുന്നതിലും കേന്ദ്രബിന്ദുവാണ് രാജ്യത്തെ യുവാക്കൾ. തൊഴിലും സ്വാശ്രയത്വവും വർദ്ധിപ്പിക്കുന്നതിനായി 12 കോടിയിലധികം പുതിയ സംരംഭകർക്ക് പ്രധാനമന്ത്രി മുദ്ര യോജന വായ്പകൾ ലഭ്യമാക്കി.

**************************************************

## FINANCIAL SUPPORT –CENTRAL GOVERNMENT

വർദ്ധിച്ചുവരുന്ന അസംസ്കൃത എണ്ണ വിലയിൽ നിന്ന് ഉപഭോക്താക്കളെ സഹായിക്കുന്നതിനായി എണ്ണ വിപണന കമ്പനികൾക്ക് ഏകദേശം 1.23 ലക്ഷം കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയതായി കേന്ദ്ര സർക്കാർ. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ ആദ്യ 78 ദിവസത്തേക്കാണ് ഈ സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്. സമ്പദ്‌വ്യവസ്ഥയുടെ വളർച്ച സമ്മർദ്ദത്തിലല്ലെന്നും സർക്കാർ അറിയിച്ചു.

**************************************************

## VB-G RAM G

വിബി-ജി റാം ജി, പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി കേന്ദ്ര സർക്കാർ **തൊണ്ണൂറ്റി അയ്യായിരത്തി 692 കോടി** രൂപയുടെ ഇടക്കാല ബജറ്റ് വിഹിതം പ്രഖ്യാപിച്ചു. അടുത്ത മാസം ഒന്ന് മുതൽ പുതിയ നിയമം നിലവിൽ വരും. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗ്രാമവികസന മന്ത്രിമാരുമായി നടത്തിയ വെർച്വൽ യോഗത്തിന് ശേഷം കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാനാണ് ഇക്കാര്യം അറിയിച്ചത്.

**************************************************

## JAISHANKAR-MEETING

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ രണ്ടു ദിവസത്തെ ബൽഗേറിയ, ഫിൻലാൻഡ് സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ബൽഗേറിയൻ ഭരണനേതൃത്വവുമായും വിദേശകാര്യ മന്ത്രിയുമായും അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. തുടർന്ന് ഫിൻലാൻഡിലെത്തുന്ന അദ്ദേഹം വിദേശകാര്യ മന്ത്രിയുമായും അവിടുത്തെ മറ്റ് പ്രമുഖ നേതാക്കളുമായും കൂടിക്കാഴ്ച നടത്തും.

*******************************************************

## PRADHAN-NTA REVIEW

നീറ്റ് പുനഃപരീക്ഷയ്ക്കുള്ള ഒരുക്കങ്ങൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ അവലോകനം ചെയ്തു. ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് മുതൽ എല്ലാ നടപടിക്രമങ്ങളിലും പൂർണ്ണമായും രഹസ്യസ്വഭാവം ഉറപ്പാക്കിയതായി അദ്ദേഹം ന്യൂഡൽഹിൽ മാധ്യമങ്ങളോട്പറഞ്ഞു. വീഴ്ചകളും പോരായ്മകളും തടയുന്നതിന് സംസ്ഥാനങ്ങളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കുമെന്നും ശ്രീ.ധർമ്മേന്ദ്ര പ്രധാൻ അറിയിച്ചു. ഈ മാസം 21 നാണ് നീറ്റ് പുനപരീക്ഷ.

*******************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*******************************************************

## NHRC - MEETING

ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾക്കെതിരെ മനുഷ്യാവകാശം സംരക്ഷിക്കുന്നതിനെക്കുറിച്ച് ഓപ്പൺ ഹൗസ് ചർച്ച സംഘടിപ്പിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ. ന്യൂഡൽഹിയിൽ നടന്ന

ചർച്ചയിൽ സൈബർ തട്ടിപ്പുകൾ ഉയർത്തുന്ന ഭീഷണിയിൽ കമ്മീഷൻ ആശങ്ക പ്രകടിപ്പിച്ചു. കഴിഞ്ഞ ആറ് വർഷത്തിനിടെ സൈബർ തട്ടിപ്പുകളിലൂടെ ഇന്ത്യക്കാർക്ക് 52,900 കോടിയിലധികം രൂപ നഷ്ടപ്പെട്ടതായി ചർച്ചയിൽ അധ്യക്ഷത വഹിച്ച എൻഎച്ച്ആർസി ചെയർപേഴ്സൺ ജസ്റ്റിസ് രാമസുബ്രഹ്മണ്യൻ അറിയിച്ചു.

*****************************************************************

## RANDHIR JAISWAL(INTRO)

പാക് അധിനിവേശ കശ്മീരിൽ പാകിസ്ഥാൻ പോലീസ് നടത്തിയ അതിക്രമങ്ങളെ അപലപിച്ച് വിദേശകാര്യ മന്ത്രാലയം. പ്രതിഷേധക്കാരും സുരക്ഷാ സേനയും തമ്മിലുള്ള ഏറ്റുമുട്ടലിൽ 30-ലധികം പേർ കൊല്ലപ്പെടുകയും 200-ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പാകിസ്ഥാൻ പുറത്തുവിടുന്ന വ്യാജ വാർത്തകളും വീഡിയോകളും സ്വന്തം പരാജയങ്ങൾ മറച്ചുവെക്കാനും മനുഷ്യാവകാശ ലംഘനങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനുമുള്ള പാകിസ്ഥാന്റെ ശ്രമമാണെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ഇത്തരം പ്രവർത്തികളിൽ പകിസ്ഥാന്റെ പങ്ക് അന്താരാഷ്ട്ര സമൂഹം മനസിലാക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം അറിയിച്ചു.

(ഹോൾഡ് വോയിസ്)

*****************************************************************

## RAIN

കേരളത്തിൽ മഴയുടെ ശക്തി കുറയുന്നു. മലപ്പുറം മുതൽ കാസർഗോഡ് വരെയും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം-ലക്ഷദീപ്-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

*****************************************************************

## TROLLING BAN

കേരളത്തിൽ ട്രോളിങ്ങ് നിരോധനം നിലവിൽ വന്നു. ജൂലൈ 31 അർദ്ധരാത്രിവരെ 52 ദിവസമാണ് ട്രോളിംങ്ങ് നിരോധനം. ട്രോളിങ്ങ് ബോട്ടുകൾ കടലിൽ പോകുന്നില്ലെന്ന് ഉറപ്പാക്കാനായി കൊല്ലത്ത്, നീണ്ടകരപ്പാലത്തിന്റെ തൂണുകളിൽ അർദ്ധരാത്രി അധികൃതർ ചങ്ങല ബന്ധിച്ചു. ഉപരിതല മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗതയാനങ്ങൾക്ക് നിരോധനം ബാധകമല്ല.

*******************************************************

## SHIGELLA –KERALA

വയനാട് കോളിയാടി സ്കൂളിലെ ഒരു കുട്ടിയ്ക്ക് കൂടി ഷിഗെല്ല സ്ഥിരീകരിച്ചു. ഇതോടെ ജില്ലയിൽ രോഗം സ്ഥിരീകരിച്ച കുട്ടികളുടെ എണ്ണം മൂന്ന് ആയി. ആരോഗ്യ മന്ത്രി K മുരളീധരൻ സ്കൂൾ സന്ദർശിച്ചു. ചികിൽസയിൽ കഴിയുന്ന കുട്ടികളുടെ എണ്ണം 68 ൽ നിന്ന് 38 ആയി. സ്കൂളിലെ കിണറിലെ വെള്ളത്തിൻ്റെ പരിശോധന ഫലം ഇന്ന് ലഭിക്കും.

*******************************************************

## PM – FRANCE VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറ് ദിവസത്തെ ഫ്രാൻസ്, സ്ലൊവാക്കിയ സന്ദർശനത്തിന് ശനിയാഴ്ച തുടക്കമാകും. സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ ഫ്രാൻസിൽ എത്തുന്ന അദ്ദേഹം പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. ഇന്ത്യ - ഫ്രാൻസ് ബന്ധത്തിന്റെ പുരോഗതി ഇരുവരും അവലോകനം ചെയ്യും. പിന്നീട് ഈ മാസം 14 മുതൽ 16 വരെ പ്രധാനമന്ത്രി സ്ലൊവാക് റിപ്പബ്ലിക് സന്ദർശിക്കും. സ്ലൊവാക്കിയയുടെ 1993 ലെ സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം രാജ്യം സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് ശ്രീ.നരേന്ദ്ര മോദി. തുടർന്ന് ഈ മാസം 16, 17 തീയതികളിൽ ഫ്രാൻസിൽ നടക്കുന്ന ജി -7 ഉച്ചകോടിയിലും അദ്ദേഹം പങ്കെടുക്കും.

*******************************************************

## TRUMP-IRAN-HELICOPTER

ഒമാൻ തീരത്ത് വെച്ച് യുഎസ് സൈന്യത്തിന്റെ അപ്പാച്ചെ ഹെലികോപ്റ്ററിന് നേരെ ഇറാൻ ആക്രമണം ഉണ്ടായതായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഹെലികോപ്ടറിലുണ്ടായിരുന്ന രണ്ട് പൈലറ്റുമാരും രക്ഷപ്പെട്ടതായി സൈന്യം അറിയിച്ചു. യു എസ് ഹെലികോപ്റ്റർ ലക്ഷ്യമിട്ട് നടത്തിയ ആക്രമണമാണോ ഇതെന്ന് വ്യക്തമല്ലെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

**************************************************

## CRICKET - IND A VS SL A

ത്രിരാഷ്ട്ര പുരുഷ ക്രിക്കറ്റ് എ പരമ്പരയുടെ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ എ ശ്രീലങ്ക എ-യെ 8 റൺസിന് പരാജയപ്പെടുത്തി. ഇന്നലെ ശ്രീലങ്കയിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 50 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 277 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ശ്രീലങ്ക 269 റൺസിന് പുറത്തായി. നാളെ നടക്കുന്ന മത്സരത്തിൽ ഇന്ത്യ എ അഫ്ഗാനിസ്ഥാൻ എ-യെ നേരിടും.

**************************************************

## KRISHNA - SIRAJ

ഇംഗ്ലണ്ടിനും അയർലൻഡിനും എതിരായ ട്വൻറി-20 പരമ്പരകൾക്കുള്ള ഇന്ത്യൻ ടീമിൽ നിന്ന് ഫാസ്റ്റ് ബൗളർ മുഹമ്മദ് സിറാജിനെ ഒഴിവാക്കി. ദീർഘമായ അന്താരാഷ്ട്ര ക്രിക്കറ്റ് സീസൺ മുന്നിൽക്കണ്ട്, പരിക്കുകളിൽനിന്ന് പൂർണ്ണമുക്തി നേടാൻ സിറാജിന് വിശ്രമം അനുവദിക്കാൻ മെഡിക്കൽ സംഘവും ടീം മാനേജ്മെന്റും നിർദ്ദേശിച്ചതിനെ തുടർന്നാണ് തീരുമാനം. സിറാജിന് പകരം കർണാടക പേസർ പ്രസിദ്ധ് കൃഷ്ണയെ ടീമിൽ ഉൾപ്പെടുത്തി.

**************************************************************************************************

**************************************************************